

# മൃഗങ്ങളുടെ പറുദീസയിലേക്ക്

കറുത്ത ഭൂഖണ്ഡം എന്ന് ആഫ്രിക്കയെക്കുറിച്ച് പഠിക്കുമ്പോൾ എന്തർത്ഥത്തിലാകും ഈ കറുപ്പ് എന്ന് ചിന്തിച്ചു പോയിട്ടുണ്ട്. എന്തായാലും പ്രകാശത്തിന്റെ പേരിലല്ല. അവിടുത്തെ ആൾക്കാരെ കാണുമ്പോൾ കറുപ്പ് അതിന്റെ സൂചനയാണോ എന്നു ചിന്തിച്ചുപോയി. എന്നാൽ ആ കറുപ്പിനുള്ളിലെ വെണ്മ വെളിച്ചത്തുകൊണ്ടുവരാൻ പര്യാപ്തമായിരുന്നു ഞങ്ങളുടെ കെനിയൻ യാത്ര.

കിഴക്കൻ ആഫ്രിക്കയുടെ ഭാഗമാണ് കെനിയൻ രാജ്യം. സാവന്നകളും തടാകങ്ങളും ചെറുപർവ്വതങ്ങളും നിറഞ്ഞസ്ഥലം. ആനകളുടെയും സിംഹങ്ങളുടെയും നീർക്കുതിരകളുടെയും വിഹാരകേന്ദ്രം. എല്ലാ വർഷവും വൈൽഡ് ബീസ്റ്റ് മൈഗ്രേഷൻ നടത്തുന്ന മസൈമാരാ നാഷണൽ പാർക്കുതന്നെയാണ് ഏറ്റവും വലിയ ആകർഷണം.

581309 കിലോമീറ്റർ സ്ക്വയർ വിസ്തൃതിയുള്ള ഈ രാജ്യത്തിന്റെ തലസ്ഥാനം നെയ്റോബിയാണ്. ഏകദേശം 48 ലക്ഷം ജനങ്ങളെയുള്ളൂ. കെനിയൻ ഷില്ലിംഗ്സാണ് നാണയം. നമ്മുടെ 100 രൂപ കൊടുത്താൽ 140 കെനിയൻ ഷില്ലിംഗ്സ് കിട്ടും. സ്വഹിലിയാണ് മാതൃഭാഷ. 1895 മുതൽ ബ്രിട്ടീഷ് കോളനിയായിരുന്നതുകൊണ്ടുതന്നെ കെട്ടിടങ്ങൾ പലതിലും ബ്രട്ടീഷ് മാതൃക ദൃശ്യമാണ്. മാത്രവുമല്ല ജനങ്ങൾ ഇംഗ്ലീഷ് നന്നായി സംസാരിക്കുന്നവരും. 1963 ഡിസംബറിലാണ് അവർ സ്വതന്ത്രരായത്. ഇന്ന് അർദ്ധ സ്വയംഭരണാവകാശമുള്ള 47 ചെറിയ പ്രവിശ്യകളായി രാജ്യത്തെ വിഭജിച്ചിരിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട ഗവർണർമാരാണ് ഭരണാധികാരികൾ.

തേയില, കാപ്പി, പൂക്കൾ, വിനോദസഞ്ചാരം ഇവതന്നെയാണ് മുഖ്യവരുമാനം. മാർച്ചുമുതൽ ജൂൺവരെ ശക്തമായ മഴക്കാലമാണ്. ഒക്ടോബറിലും ഡിസംബറിലും ചാറ്റൽ മഴയുണ്ടാകും "Big Five" എന്നറിയപ്പെടുന്ന സിംഹം, പുള്ളിപ്പുലി, കാട്ടുപോത്ത്, നീർക്കുതിര, ആന എന്നിവ കൂടാതെ മററനേകം വന്യമൃഗങ്ങളും, പക്ഷികളും, ഇഴജന്തുക്കളും സുലഭമാണ്.

ദശലക്ഷം വൈൽഡ് ബീസ്റ്റും രണ്ടു ലക്ഷം സീബ്രയും വെള്ളത്തിനും ആഹാരത്തിനും വേണ്ടി മാരാനദി കടക്കുന്ന കാഴ്ച അതിമനോഹരമാണ്. ആഫ്രിക്കയിലെ പ്രകൃതിദത്തമായ ഏഴ് അതിശയങ്ങളിൽ ഒന്നാണിത്.

ക്രിസ്ത്യൻ, മുസ്ലിം മതവിശ്വാസികളാണ് കൂടുതൽ. ആറാം വയസ്സിലാണ് അടിസ്ഥാന വിദ്യാഭ്യാസം ആരംഭിക്കുന്നത്. പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞ് 4 വർഷം ഹൈസ്കൂൾ അഥവാ സെക്കന്ററിവിദ്യാഭ്യാസം. പ്രൈമറി വിദ്യാഭ്യാസം തികച്ചും സൗജന്യമാണ്. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയായവർക്ക് പോളിടെക്നിക്കിലോ മറ്റു ടെക്നിക്കൽ കോളേജുകളിലോ 3 വർഷത്തെ പഠനം. അതുകഴിഞ്ഞാൽ യൂണിവേഴ്സിറ്റികളിൽ ചേർന്ന് ഉപരിപഠനം. എന്നാൽ ഉപരിവിദ്യാഭ്യാസ നിലവാരം വളരെ

താണതാണ്. എന്തായാലും 38. 5 % മാത്രമാണ് സാക്ഷരത

കെനിയൻ സംസ്കാരം മനസ്സിലാക്കുന്നതോടൊപ്പം സൗഹൃദത്തിന്റ മാഹാത്മ്യംകൂടി വെളിപ്പെടുത്തി ഈ യാത്ര. 34 വർഷം മുമ്പ് 4 1/2 വർഷം സി.ഇ.റ്റി. യിൽ ഒരേക്ലാസിൽ എന്നു തീർത്തുപറയാനാവില്ല രണ്ടു ക്ലാസിൽ (സത്യത്തിൽ അവർ ഏതുക്ലാസിലായിരുന്നുവെന്ന് ഇപ്പോൾ അവർക്കുതന്നെ അറിയില്ല.) പഠിച്ചിരുന്ന 35 പേർ ഒരുമിച്ചുകൂടുന്ന കാഴ്ച. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ 1979 84 കാലഘട്ടത്തിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിന് പഠിച്ചിരുന്നവർ. സൗഹൃദത്തിന് അതിർവരമ്പുകൾ ഇല്ലെന്നു മനസ്സിലായ നിമിഷം. ഭാര്യമാരും ഭർത്താക്കൻമരും ചുരുക്കം ചില കുട്ടികളുമൊപ്പം 78 പേർ ആ യാത്രയിലുണ്ടായിരുന്നു. അതും ലോകത്തിന്റെ നാനാഭാഗങ്ങളിൽ വസിക്കുന്നവർ. കേരളത്തിന്റെ തെക്കെയറ്റം തൊട്ട് അമേരിക്കയിൽ നിന്നെത്തിയവർ വരെ അക്കൂട്ടത്തിലുണ്ടായിരുന്നു. 34 വർഷം മുമ്പ് കോളേജിൽ വച്ചു നടന്ന സംഭവങ്ങൾ അയവിറക്കി എല്ലാം മറന്നുള്ള ആ യാത്ര മധ്യവയസ്കരായവരെ വീണ്ടും കോളേജ് കുമാരന്മാരും കോളേജ് കുമാരികളുമാക്കി.

നെയ്റോബിയിലാണ് എല്ലാവരും ഒത്തുചേർന്നത്. അവിടുത്തെ ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിപാടികൾ മുഴുവനും ആസൂത്രണം ചെയ്തത് ഒപ്പം പഠിച്ച ഇന്ന് ഉഗാണ്ടയിൽ ഐക്യരാഷ്ട്രസഭയിൽ ജോലി ചെയ്യുന്ന ശ്രീ ഫസലാണ്. അതോടൊപ്പം വിവിധകമ്മറ്റികൾ അടങ്ങുന്ന വാട്സ്ആപ്പ് ഗ്രൂപ്പുകൾ ഒരു വർഷം മുമ്പേ രൂപവത്കരിക്കപ്പെട്ടു. അതിന്റെ പ്രവർത്തനങ്ങളാണ് സഫലമായത്. ആദ്യ ദിവസം തന്നെ ഒരാഴ്ചത്തെ പരിപാടികളുടെ രത്നച്ചുരുക്കം ബുക്ക് ലറ്റായി വിതരണം ചെയ്യപ്പെട്ടു

നീലക്കുറിഞ്ഞി പൂത്തു നിൽക്കുന്ന നാട്ടിൽ നിന്ന് നെയ്റോബിയിൽ കാലുകുത്തുമ്പോൾ ഞങ്ങളെ എതിരേറ്റത് ജെക്കരാന്റ എന്ന നീലക്കുറിഞ്ഞിക്കു സമാനമായ പൂക്കളാണ്. 12 വർഷത്തിലൊരിക്കലാണ് നീലക്കുറിഞ്ഞിയുടെ ആഗമനമെങ്കിൽ എല്ലാവർഷവും അവസാന മൂന്നുമാസം ജെക്കരാന്റ ആഫ്രിക്കയെ സുന്ദരിയാക്കും.

കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധം ഒന്നുകൂടി ദൃഢമാകാനുള്ള ഒത്തു ചേരലായിരുന്നു. വിന്റ്സർ ഗോൾഫ് റിസോൾട്ട് ഹാളിൽ ആദ്യ ദിവസം നടന്നത്. പരസ്പരം സംസാരിച്ചും 34 വർഷം മുമ്പ് ക്ലാസ്സുകളിൽ നടന്ന രസകരമായ സംഭവങ്ങൾ അയവിറക്കിയും ആ സന്ധ്യ കഴിച്ചുകൂട്ടി. ആസൂത്രണം ചെയ്തിരിക്കുന്ന പരിപാടികളെ കുറിച്ചുള്ള വിവരണം എല്ലാവരും ആകാംക്ഷയോടെ കേട്ടു.



പിറ്റേന്നു രാവിലെ ഇന്ത്യൻ ആർമിയുടെ വാഹനവ്യൂഹത്തെ ഓർമ്മിപ്പിക്കുമാറ് 13 വാഹനങ്ങളിൽ ആറു പേർ വീതം സഫാരിക്കായി യാത്രതിരിച്ചു. അതാണല്ലോ അവിടുത്തെ പ്രധാന വിനോദവും. കൂട്ടംകൂടി നിൽക്കുന്ന മാനുകളെയും സീബ്രയെയും ജിറാഫിനെയും എന്തിന് സിംഹത്തെ വരെ അടുത്ത് കാണുന്നത് അപ്പോഴായിരുന്നു. കേരളത്തിൽ കാണുന്ന മാനുകളിൽ നിന്ന് എന്തോ ഒരു വ്യത്യസ്തത അവയെ കൂടുതൽ സുന്ദരമാക്കി. ഈശ്വരൻ ഒരു പ്രത്യേകഭംഗി അവയ്ക്കു കൊടുത്തതു പോലെ. ബ്രൗൺനിറത്തിൽ പിന്നിലായി എല്ലാവർക്കും കറുത്ത വരയായി ഒരടയാളം. ഈശ്വരന്റെ കര വിരുത് ഒരിക്കൽക്കൂടി ദൃശ്യമായ നിമിഷങ്ങൾ. ഒൽപജേറ്റ വന്യമൃഗസംരക്ഷണകേന്ദ്രമായിരുന്നു അത്.

ഉച്ചഭക്ഷണം കഴിഞ്ഞയുടനെ ചിമ്പൻസി സംരക്ഷണകേന്ദ്രത്തിലേക്ക് യാത്രയായി. എഴുപതോളം ചിമ്പൻസികൾ അവിടെയുണ്ടായിരുന്നു. അവർക്കെല്ലാം പ്രത്യേക പേരുകളും ഉണ്ടായിരുന്നു. ഞങ്ങളെ വരവേറ്റത് സോക്രട്ടീസ് എന്ന ചിമ്പൻസിയായിരുന്നു. അത് ഇരുകാലിൽ എഴുന്നേറ്റു നിൽക്കുന്നതു കണ്ട പ്പോൾ തത്ത്വചിന്തകനായ സോക്രട്ടീസിനെ സ്മരിച്ചു. അതിനെ കണ്ടു ചിരിച്ച ഞങ്ങളുടെ നേർക്ക് മണ്ണു വാരിയെറിഞ്ഞപ്പോൾ ബന്ധങ്ങളാകുന്ന ബന്ധനങ്ങളിൽ പെട്ടിരിക്കുന്ന മനുഷ്യർക്ക് എന്തുചെയ്യാ നാണ് സ്വാതന്ത്ര്യം എന്ന് ചിന്തിച്ചുപോയി. കാരണം മണ്ണുവാരിയെറിഞ്ഞത് കുരങ്ങനായതുകൊണ്ടുമാ ത്രം നാം ആ പ്രവൃത്തിയെ ചിരിച്ചുതള്ളി. പക്ഷേ അവന്റെ ആ നിൽപ് കണ്ണിൽ നിന്നു മായുന്നില്ല.

അപ്പോഴേക്കും ആരോ ഓർമ്മപ്പെടുത്തി. 5.30 ന് രണ്ടു സിംഹം കൂടിക്കാഴ്ചയ്ക്ക് സമയം അനുവദിച്ചി ട്ടുണ്ട്. മനുഷ്യരെപ്പോലെയല്ല. അവർ കൃത്യനിഷ്ഠയുള്ളവരാണ്. ഇപ്പോൾ പോയാൽ കാണാം. ശരി യാണ് ഞങ്ങൾ ഉടനെ ഗെയിം ഡ്രൈവിന് തയ്യാറായി. തമാശപറഞ്ഞതാണെങ്കിലും ആ വിരുതന്റെ വാക്കുകൾ പോലെ സിംഹത്തെ കണ്ടു.

അത്താഴത്തിനു കൊഴുപ്പേകാൻ കെനിയൻ നർത്തകസംഘം ചുവടുവച്ചു. നമ്മുടെ കോൺടംബററി നൃത്തത്തിന്റെ ചുവടുകളെ ഓർമ്മിപ്പിക്കുന്നവയായിരുന്നു അവ.

പിറ്റേന്നുള്ള യാത്ര നെയ്വാഷ തടാകത്തിലേക്കായിരുന്നു. ഒൽപജേറ്റയിൽ നിന്ന് ഭൂമധ്യരേഖ കട ന്നാണ് നെയ്വാഷയിലെത്തിയത്. സ്കൂളുകളിൽ പഠിച്ച ആ സാങ്കല്പികരേഖ. ഇന്ത്യാഭൂഖണ്ഡം കഴിഞ്ഞ് തെക്കുഭാഗത്തു കൂടി ആഫ്രിക്കയുടെ മധ്യഭാഗത്തുകൂടി കടന്നുപോകുന്ന രേഖ മുറിച്ചു കട ന്നത് ഏറെ സന്തോഷം പകർന്നു. അവിടം വിനോദസഞ്ചാരികളുടെ മറ്റൊരാകർഷണ കേന്ദ്രമാണ്. ഭൂമധ്യരേഖയെക്കുറിച്ച് വിശദമാക്കാനും ചെറിയൊരു പരീക്ഷണത്തിലൂടെ പ്രത്യേകത വിശദമാ ക്കാനും പ്രൊഫസർമാരെന്നു സ്വയം വിശേഷിപ്പിക്കുന്ന ഒരു കൂട്ടം ആൾക്കാരുണ്ടായിരുന്നു. ഒരു പാത്ര ത്തിലെടുത്തിരിക്കുന്ന ജലം നിശ്ചലമായിരിക്കുമ്പോൾ അതിലിടുന്ന തീപ്പെട്ടിക്കൊള്ളി ഭൂമധ്യരേഖ യിൽ നിശ്ചലാവസ്ഥയിലും ഇരുവശങ്ങളിൽ അത് വിപരീതദിശകളിൽ തിരിയുന്നതും കാണിച്ചു തന്നു.



ബോട്ടിലേക്കു കയറുമ്പോൾ  സാധാരണ ബോട്ടുയാത്ര എന്നേ വിചാരിച്ചുള്ളൂ. എന്നാൽ ബോട്ടോടിക്കുന്നയാൾ വെള്ളത്തിൽ ഊളിയിട്ടു പൊങ്ങുന്ന ഹിപ്പപൊട്ടാമസ്സിനെ കാണിച്ചു തന്നപ്പോൾ എന്തോ ഒരു ഭയം. എന്നാൽ ആ പ്രകൃതിസൗന്ദര്യത്തിനുമുന്നിൽ എല്ലാം മറന്നു. തെളിഞ്ഞ ആകാശത്ത് അവിടവിടെ മഞ്ഞു കുടകൾ പിടിച്ചതുപോലെ മേഘങ്ങൾ. നൂറുകണക്കിന് നീർക്കുതിരകളെ കണ്ടതോടെ സത്യത്തിൽ അവയോടുള്ള പേടി മാറുകയാണ് ചെയ്തത്.  കാരണം ഒന്നും തന്നെ നമ്മുടെ അടുത്തേക്ക് വരുകയോ നമ്മളെ ഉപദ്രവിക്കാൻ ശ്രമിക്കുകയോ ചെയ്യുന്നില്ല. മൃഗങ്ങൾ  മനുഷ്യരെ ഉപദ്രവിക്കുന്നത് അവരുടെ ജീവൻ അപകടത്തിലാകുമോ എന്നു പേടിച്ചുമാത്രമാണ് എന്ന സത്യം ബോധ്യപ്പെട്ടു.  അപൂർവ്വമായിമാത്രം കാണുന്ന കിളികളും മീനിനെ കണ്ടാൽ ചിറകുവിടർത്തി പറന്ന് അതിനെ കൊത്തിത്തിന്നുന്ന പരുന്തുമെല്ലാം മിഴികളിൽ നിറഞ്ഞു നിൽക്കുന്നു.

രണ്ടുമണിക്കൂറിലെ ബോട്ട് യാത്രയ്ക്കുശേഷം മുറിയിലേക്ക് ചെല്ലുമ്പോൾതന്നെ ഹോട്ടലിലുള്ളവർ പറഞ്ഞു.  സന്ധ്യകഴിഞ്ഞാൽ തനിയേ പുറത്തിറങ്ങരുത്. തടാകത്തിൽ കണ്ട നീർക്കുതിരകൾ കരയിലേക്കു കയറി വരും. ആദ്യം ഭംഗിവാക്കായി മാത്രമേ ഞങ്ങൾ കരുതിയുള്ളൂ. അത്താഴം കഴിക്കാനിറങ്ങുമ്പോഴാണ് ഞങ്ങളുടെ മുറിക്കുചുറ്റും നാലോഅഞ്ചോ നീർക്കുതിര. ഉടനെ സെക്യൂരിറ്റിയെ വിളിച്ചു. അവരാണ് ഞങ്ങളെ അത്താഴമുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയത്. നീർക്കുതിരകളെ കാണുമ്പോൾ അവർ കൈയിലിരിക്കുന്ന ഇരുമ്പുദണ്ഡ് തറയിലുരച്ച് ഒരു ശബ്ദമുണ്ടാക്കും. ഇതുകേൾക്കുമ്പോൾ അവ ദൂരേക്ക് നടന്നുപോകും.

സെക്യൂരിറ്റിയോടൊപ്പംനടക്കുമ്പോഴാണ് അതിനൊരാഴ്ച മുൻപ് ഒരു തായ്‌ലന്റുകാരൻ റിസോർട്ടുകാരുടെ മുന്നറിയിപ്പ് അവഗണിച്ച് ഹിപ്പോയോടൊപ്പം സെൽഫിയെടുക്കാൻ തുനിഞ്ഞതും അത് കാൽകൊണ്ട് ചവിട്ടി അയാൾ ജീവൻ വെടിഞ്ഞതുമായ കഥപറഞ്ഞത്.

അത്താഴത്തിനുശേഷം നടന്ന ചർച്ച മൂന്നു രീതിയിൽ രൂപപ്പെടുത്തുകയായിരുന്നു. ഭൂതവർത്തമാനഭാവികളെ കുറിച്ച്. പഠിച്ചിരുന്ന കാലത്തെ തമാശകളും ജോലിതേടി നടന്നപ്പോൾ, കുഞ്ചൻനമ്പ്യാർ കാലനില്ലാത്ത കാലത്തിൽ പറഞ്ഞതുപോലെ കമ്പിൽ കുത്തിവച്ച പാവകളെപ്പോലെ ഒരു മുറിയിൽ കഴിഞ്ഞിരുന്ന കഥകളും ചർച്ചകൾക്ക് കൊഴുപ്പേറ്റി. തുടർന്ന് വർത്തമാനകാലത്തെ വെള്ളപ്പൊക്കവും  ബഹിരാകാശ ശാസ്ത്രത്തിന്റെ വളർച്ചയുമൊക്കെ വിഷയമായി. സമയം അതിക്രമിച്ചതിനാൽ പിറ്റേന്ന് ചർച്ച തുടരാമെന്ന് തീരുമാനിച്ച് സെക്യൂരിറ്റിയുടെ അകമ്പടിയോടെ മുറിയിലേക്ക് മടങ്ങി.

എന്തായാലും അന്നുരാത്രി പത്തുപതിനഞ്ച് നീർക്കുതിരകളുടെ സംരക്ഷണത്തിലാണ് ഞങ്ങൾ ഉറങ്ങിയത്.

പിറ്റേന്ന് കെനിയയിലെ ഏറ്റവും വലിയ ആകർഷണകേന്ദ്രമായ മസ്സായ്മാരയിലേക്ക് യാത്രതിരിച്ചു. അപ്പോഴേക്കും കെനിയക്കാരെകണ്ടാൽ ജംബോ (Hai) എന്ന് പറയാനും അവർ തിരിച്ച് കരിബു (Welcome) എന്നു പറയുമ്പോൾ അതെ ന്താണെന്ന് മനസ്സിലാക്കാനും പഠിച്ചു.

ആഫ്രിക്കയിലെ ആദിവാസി സമൂഹങ്ങളിൽ ഏറ്റവും വലിയ വിഭാഗമാണ് മസ്സായ്. മസ്സായ്മാര എന്നാൽ മസ്സായിയുടെ സ്ഥലം (Places of Massai) എന്നാണർത്ഥം. ഒരു മതിൽക്കെട്ടിനുള്ളിൽ പത്തോ പന്ത്രണ്ടോ വീടുകളുണ്ടാകും. വീട് എന്നു പറയാനാവില്ല. ചുമരും തറയുമെല്ലാം ചാണകം കൊണ്ടു ണ്ടാക്കിയതാണ്. മേൽക്കൂരയും പുല്ലുമേഞ്ഞ് ചാണകം മെഴുകിയിരിക്കുന്നു. ഒറ്റമുറി. അതുതന്നെ അടുക്കളയും, ഊണുമുറിയും, കിടപ്പുമുറിയും ഒക്കെ. തീയുണ്ടാക്കുന്നത് ഒലിവ് മരത്തിന്റെയും അക്കേഷ്യയുടെയും കമ്പുകൾ കൂട്ടിയുരച്ചാണ്.

മസ്സായ് നൃത്തച്ചുവടുകളുമായാണ് അവർ ഞങ്ങളെ എതിരേറ്റത്. പാട്ടിന്റെ താളത്തിനൊത്തു നൃത്ത ച്ചുവടുകൾ വച്ച് ഇടയ്ക്കിടെ സ്പ്രിംഗ് പോലെ പൊക്കത്തിൽ ചാടിക്കൊണ്ടിരുന്നു.



മസ്സായ് വീടുകാണാൻ അവർ അനുവദിച്ചു. മസ്സായ് സുന്ദരി അവരുടെ ജീവിതത്തെക്കുറിച്ച് പറഞ്ഞ പ്പോൾ ഇങ്ങനെയും ഒരു ജീവിതമോ എന്ന് അതിശയിച്ചു.  പശു, ആട് ഇവ വളർത്തലാണ് പ്രധാന ജോലി. സ്ത്രീധനമായി കൊടുക്കുന്നതും അതുതന്നെ. പേര് സൂചിപ്പിക്കുന്നതുപോലെ സ്ത്രീകൾക്ക് ധനം കൊടുക്കുകയാണ് ചെയ്യുന്നത്. 10 മുതൽ 100 വരെ പശുക്കളോ 70 മുതൽ 700 വരെ ആടു കളോ ആണ് അവരവരുടെ സാമ്പത്തിക നിലയ്ക്കനുസരിച്ച് സ്ത്രീധനം നൽകുക. ഒരു പശുവിന് 6000 മുതൽ 8000 വരെ ഷില്ലിംഗ്സ് വിലയുണ്ട്. ഒരാടിന് 700 ഷില്ലിംഗ്സും.

9 വയസ്സുമുതൽ പെൺകുട്ടികളെ കല്ല്യാണം കഴിപ്പിച്ചു വിടും. അവളെ കല്ല്യാണം കഴിക്കാൻ തയ്യാ റായി 20 വയസ്സുമുതൽ 60 വയസ്സുവരെയുള്ളവരുണ്ടാകും. ഒരു പെൺകുട്ടിയെ ഇഷ്ടപ്പെടുകയാണെ ങ്കിൽ നൃത്തച്ചുവടുകൾക്കിടയിൽ ചാടിയതുപോലെ ഏറ്റവും ഉയരത്തിൽ ചാടിയാണ് ആ സ്നേഹം അറിയിക്കുന്നത്. ഇതറിഞ്ഞ് ഞങ്ങളുടെ കൂടെയുള്ള പല വിരുതൻമാരും ചാടിനോക്കിയെങ്കിലും അവരുടെ ആകാരത്തിന്റെയും കരുത്തിന്റെയും മുന്നിൽ തോറ്റു പിന്മാറി.

പുരുഷന് എത്രപേരെ വേണമെങ്കിലും വിവാഹം കഴിക്കാം. ഓരോ ഭാര്യക്കും പ്രത്യേകം വീടുകൾ പണിതു കൊടുക്കും എങ്കിലും ആദ്യഭാര്യയുടെ വീട് മറ്റുള്ളവരുടെതിനെക്കാൾ വലുതായിരിക്കും. ഓരോ ദിവസവും ഓരോ വീട്ടിലായിരിക്കും പുരുഷൻ കഴിയുക. എന്തായാലും 6 മുതൽ 8 വരെ കുട്ടികൾ എല്ലാ വീട്ടിലുമുണ്ട്.

ഏറ്റവും ശക്തിയുള്ള വ്യക്തിയായിരിക്കും മൂപ്പൻ. പക്ഷേ മൂപ്പനെ അംഗീകരിക്കണമെങ്കിൽ അയാൾ ഒരു സിംഹത്തെ കൊന്ന് അതിന്റെ തോലുകൊണ്ട് തൊപ്പിയുണ്ടാക്കി അണിയണം. മൂപ്പനാകാനും ഞങ്ങളുടെ കൂട്ടത്തിലെ ചിലർ മുന്നോട്ടു വരാതിരുന്നില്ല. സിംഹത്തെ കൊല്ലണമെന്ന കഥ കേട്ട തോടെ ആഗ്രഹം ഉപേക്ഷിച്ചു.

അവരുടെ ആഹാരരീതിയാണ് ഏറ്റവും അതിശയിപ്പിച്ചത്. അവർ കഴിക്കുന്നത് പശുവിൻ പാലും അവയുടെ രക്തവും ഇറച്ചിയും മാത്രമാണ്. പാലും രക്തവും പച്ചയായിത്തന്നെ ഉപയോഗിക്കുന്നു. സോസോമരത്തിന്റെ കായ ഉണങ്ങിയത് അകഭാഗത്തുള്ളവ മാറ്റിയാണ് പാലും രക്തവും

സംഭരിക്കാനുള്ള പാത്രമാക്കിയെടുക്കുന്നത്. കണ്ടാൽ നമ്മുടെ കൊക്കിന്റെ കഴുത്തുപോലെ നീണ്ടിരിക്കും. അത് കഴുകാറില്ലത്രേ. പാൽ 2 ദിവസവും രക്തം 4 ദിവസം വരെയും അതിൽ സൂക്ഷിക്കും. സാധനങ്ങൾ തീരുമ്പോൾ അതിൽ വീണ്ടും നിറയ്ക്കും. എന്തായാലും അവരുടെ ശക്തി വിശേഷം അപാരം തന്നെയാണ്.

ഒരുകാര്യം വ്യക്തമായത് അവിടെ സ്കൂൾ വിദ്യാഭ്യാസം തരക്കേടില്ലാതെ നടക്കുന്നുണ്ട്. എന്നാൽ ഉന്നത വിദ്യാഭ്യാസത്തിന് വേണ്ടത്ര നിലവാരം പോര. കോളേജ് വിദ്യാഭ്യാസം ചെയ്തവർ പോലും ഗവൺമെന്റ് ജോലി ഇഷ്ടപ്പെടുന്നില്ല. കാരണം അധികാരതലത്തിലെ അഴിമതിതന്നെ. കൈക്കൂലികൊടുത്തും മറ്റും ജോലി നേടിയെടുത്താലും ഗവൺമെന്റ് മാറുമ്പോൾ ജോലി നഷ്ടപ്പെടുകയോ വീണ്ടും

കൈക്കൂലി കൊടുത്തും മറ്റും ജോലിയിൽ തുടരേണ്ടി വരുകയോ ചെയ്യുന്ന അവസ്ഥ ജനങ്ങളെക്കൊണ്ടും അഴിമതികൾ ചെയ്യിക്കുന്നു. അതിനാലാണ് നമ്മൾ അറിയുന്നതുപോലെ കൊള്ളയും മയക്കുമരുന്നു വില്പനയുമൊക്കെ തൊഴിലാക്കി മാറ്റുന്നത്. ശക്തമായ, അഴിമതിയില്ലാത്ത ഒരു ഗവൺമെന്റ് ഉണ്ടായാൽ ജനങ്ങളും നേർവഴിക്കുവരും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

സോഹിലി എന്ന മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷിനും അവർ പ്രാധാന്യം കൊടുക്കുന്നുണ്ട്. അതുകൊണ്ട് ചൈനയിലോ, ഫ്രാൻസിലോ, ജപ്പാനിലോ ഒക്കെ പോയാലുള്ളതുപോലെ ആശയവിനിമയം ഒരു പ്രശ്നമായിരുന്നില്ല.

മാസ്സായ് ഗ്രാമത്തിലെ കുട്ടികൾപോലും ഇംഗ്ലീഷ് സംസാരിക്കുന്നു ണ്ടായിരുന്നു. രണ്ടുമാസം വരെയേ ഒരു സ്ഥലത്ത് അവർ താമസിക്കൂ. ആടിനും പശുവിനുമുള്ള ഭക്ഷണം തീരുമ്പോൾ അവർ അടുത്ത സ്ഥലം അന്വേഷിക്കും. എന്തായാലും നമ്മെ അതിശയിപ്പിക്കുന്ന ഒരു ജീവിതരീതി അവിടെ ദൃശ്യമായി.




അടുത്ത ദിവസം മസ്സൈമാരാ നാഷണൽ പാർക്കിലേക്ക് യാത്രയായി. ആ യാത്ര എന്നും മനസ്സിൽ പച്ചപിടിച്ചുനിൽക്കും. ഭൂമധ്യരേഖ കടന്ന് മസ്സൈമാരയിലെത്തിയപ്പോൾ സ്കൂൾ പാഠപുസ്തകത്തിൽ മാത്രമറിഞ്ഞ സാവന്ന കിലോമീറ്ററുകളോളം നീണ്ടു കിടക്കുന്ന കാഴ്ച കണ്ടു. നാഷണൽ പാർക്കിനുള്ളിൽ കടന്നപ്പോൾ സംസാരിച്ച് മൃഗങ്ങൾക്ക് ശല്യമുണ്ടാക്കരുതെന്ന മുന്നറിയിപ്പ് കിട്ടി. സത്യ

ത്തിൽ അവിടെ നമുക്ക് സംസാരിക്കാനാവില്ല. മൃഗങ്ങൾ നമ്മുടെ കണ്ണും മനസ്സും കുളിർപ്പിക്കുകയായിരുന്നു. ലക്ഷക്കണക്കിന് വൈൽഡ്ബീസ്റ്റും സീബ്രയും നടന്നുനടന്ന് അതിർത്തിപ്രദേശമായ താൻസാനിയായിലെ സെറിഗിറ്റിയിടും ഒരു പാടു പാഠങ്ങൾ മനുഷ്യർക്കും പഠിക്കാനുണ്ടെന്ന് തോന്നി. അതിർത്തിയിലെ നദികടന്നുവേണം അവർക്ക് സെറിഗിറ്റിയിലെത്താൻ. നദിയുടെ അടുത്തെത്താറുകുമ്പോഴേക്കും കൂട്ടംകൂടി പോയിരുന്നവ പ്രത്യേക വരികളിലാകും. അത് കഴിഞ്ഞ് നദീതീരത്ത് ആയിരക്കണക്കിന് വൈൽഡുബീസ്റ്റുകൾ വീതമുള്ള വൃത്തങ്ങൾ പ്രത്യക്ഷപ്പെടും. അവരുടെ ഭാഷയിൽ എന്തോ ആശയങ്ങൾ കൈമാറ്റം ചെയ്യപ്പെടുകയാണ്.

ഞങ്ങളോടൊപ്പം ഉണ്ടായിരുന്ന പട്ടാളത്തിലെ മുതിർന്ന ഉദ്യോഗസ്ഥനൊരു സംശയം. എന്താ അവിടെ നടക്കുന്നത്? ഉടനെ ഒരു രസികൻ കൃത്യമായി കഥ മെനഞ്ഞു. അവർ അക്കൂട്ടത്തിൽ നിന്ന് ഒരു നേതാവിനെ തെരഞ്ഞെടുക്കുകയാണ്. നേതാവ് അതിൽ നിന്നൊരു വൈൽഡ്ബീസ്റ്റിനെ പരീക്ഷകനായി തെരഞ്ഞെടുക്കും. അയാളാണ് ആദ്യം മാരാനദി കടക്കേണ്ടത്. സുരക്ഷിതമായി എത്തിക്കഴിഞ്ഞാൽ കൂട്ടത്തോടെ നദി കടക്കാൻ ആജ്ഞാപിക്കും. കഥയെന്തായാലും അവരുടെ യാത്ര കണ്ടാൽ സത്യമാണെന്ന് തോന്നിപ്പോകും. എത്രയൊക്കെ ശ്രദ്ധിച്ചിട്ടും ചീങ്കണ്ണിയും മുതലകളും പാറയിടുക്കുകളും നിറഞ്ഞ ആ നദി കടക്കുന്ന 1000 എണ്ണത്തിൽ 750 എണ്ണം മാത്രമേ മറുകര എത്തൂ എന്നറിഞ്ഞപ്പോൾ വിഷമം തോന്നി.



കാട്ടാനകൾ ഇത്രയും എണ്ണം കൂട്ടത്തോടെ സഞ്ചരിക്കുന്നത് ഞാൻ നമ്മുടെ നാട്ടിൽ കണ്ടിട്ടില്ല. ഭംഗി എന്തായാലും നമ്മുടെ ആനയ്ക്കു തന്നെ. മുറം പോലുള്ള ചെവിയാട്ടി നിൽക്കുന്ന അവയ്ക്കെന്തായാലും ഒരാനച്ചന്തമുണ്ട്. എന്നാൽ ആഫ്രിക്കൻ ആനയ്ക്കു നിറം കറുപ്പല്ല. ഒരു ബ്രൗൺ നിറമാണ്. ചെവികൾ ശരീരത്തോട് ചേർന്നിരിക്കും. മാത്രവുമല്ല പലതിന്റെയും ചെവിയിൽ ഒരോട്ടയും ദൃശ്യമാണ്.

സിംഹത്തിന്റെ മടയിൽച്ചെന്ന് സിംഹത്തെ കൂട്ടത്തോടെ കണ്ട അനുഭവം വിവരിക്കാൻ വാക്കുകളില്ല. ഒന്നോ രണ്ടോ എണ്ണത്തിനെ മാത്രം മൃഗശാലയിൽ കണ്ടു പരിചയിച്ച നമ്മൾ പത്തും പതിനഞ്ചും എണ്ണം ഒരുമിച്ച് നടക്കുന്നതു കാണുമ്പോൾ അദ്ഭുതപ്പെട്ടു പോകും. രാവിലത്തെ വേട്ടയിൽ സിംഹം ഒരു വൈൽഡ്ബീസ്റ്റിനെ തിന്നുന്നതും അതിനടുത്തായി മറ്റൊരസ്ഥികൂടം കിടക്കുന്നതും കണ്ടു. കോളേജിലെ ബയോലാബാണ് മനസ്സിലേക്കോടി വന്നത്. വിശപ്പില്ലെങ്കിൽ അതിനെ ഉപദ്രവിച്ചെങ്കിൽ മാത്രമേ തിരിച്ചുപദ്രവിക്കൂ. വയറു നിറഞ്ഞാൽ 22 മണിക്കൂറും ഉറക്കമാണ്.

ഒരു സിംഹം ഒരു വൈൽഡ്ബീസ്റ്റിനെ പിടിക്കാൻ വരുന്നതും വൈൽഡുബീസ്റ്റുകൾ കൂട്ടത്തോടെ അതിനെ നേരിട്ടു പരാജയപ്പെടുന്നതും കണ്ടു. ഐകമത്യം മഹാബലം എന്ന ചൊല്ല് എത്ര അന്വർഥം. മാനുകളും ജിറാഫും ഒട്ടകപ്പക്ഷിയും കാട്ടുപന്നികളുമൊക്കെ ഇണക്കത്തോടെ ഒരുമിച്ചു കഴിയുന്ന കാഴ്ച നാനാജാതിമതസ്ഥർ ഒരുമിച്ചു കഴിയുന്ന കേരളത്തിന്റെ പ്രതീതിയാണുണ്ടാക്കിയത്.

13 വണ്ടിയിലാണ് പോയതെന്നു പറഞ്ഞുവല്ലോ. പാർക്കിനുള്ളിൽ കടന്നതും അവർ 13 ദിശയിലേക്കും യാത്രതിരിച്ചു. എന്നാൽ പ്രത്യേക വാർത്താവിനിമയ ബന്ധങ്ങളിലൂടെ ഡ്രൈവർമാർ പരസ്പരം ബന്ധപ്പെട്ടു. എവിടെയെങ്കിലും പ്രത്യേക മൃഗങ്ങളെ കണ്ടാൽ ആ വിവരം ഉടനെ കൈമാറ്റം ചെയ്യപ്പെടുകയും നിമിഷനേരം കൊണ്ട് എല്ലാവണ്ടികളും അവിടെ പാഞ്ഞെത്തുകയും ചെയ്യും.



നാഷണൽ പാർക്കിനുള്ളിൽ വച്ചുതന്നെയാണ് കൈയിൽ കരുതിയ ഉച്ചഭക്ഷണം ഞങ്ങൾ കഴിച്ചത്. അതും രണ്ടു രാജ്യങ്ങളിൽ ഇരുന്നുകൊണ്ട്. കെനിയയും താൻസാനിയായുടെ  അതിരിടുന്ന ഭാഗം. മൃഗങ്ങൾ മാത്രമുള്ളതു കൊണ്ടാകും കാവൽഭടന്മാരോ അതിർവരമ്പുകളോ കണ്ടില്ല. അതിർത്തി വേർതിരിക്കുന്ന ഒരു സ്തംഭം മാത്രം

ഭാവിയെ കുറിച്ചുള്ള ചർച്ച തുടർന്നത് അന്നായിരുന്നു. സി.ഇ.റ്റി. നടത്തുന്ന സാമൂഹ്യപ്രതിബദ്ധതയുള്ള പ്രോജക്റ്റിനെ (HOPE) കുറിച്ച് അതിലെ പങ്കാളികൾ വിവരിച്ചു. ഭാവിയെ കുറിച്ചുള്ള ചർച്ചയിൽ ഊർജ്ജസ്വലരായി പങ്കെടുത്തത് കുട്ടികളാണ്. ഭാവി സ്വയം തീരുമാനിക്കാനുള്ള കഴിവ് അവർ ആർജിച്ചതായും  സ്വന്തം കൈകളിൽ സുരക്ഷിതമാണെന്നുമുള്ള അഭിപ്രായങ്ങൾ ഉയർന്നു വന്നത് രക്ഷാകർത്താക്കൾക്ക് മക്കളെ കുറിച്ചുള്ള ധാരണകൾക്ക് ഒരു പുനർവിചിന്തനം ആവശ്യമാണെന്ന് തോന്നിപ്പിച്ചു.

പിറ്റേന്നു വെളുപ്പിനേ തന്നെ കുറേപ്പേർ വീണ്ടും പാർക്കിലേക്ക് യാത്രതിരിച്ചപ്പോൾ ബലൂണിൽ പറന്ന് മസ്സൈമാരാ കാണാനുള്ള അവസരം ചിലർ പ്രയോജനപ്പെടുത്തി. ചൂടുകാറ്റിന്റെ സഹായത്തോടെ പൊങ്ങുന്ന, 16 പേർക്കിരിക്കാവുന്ന ബലൂണിലിരുന്നു കൊണ്ട് വ്യോമനിരീക്ഷണം നടത്താം. എന്നാൽ മൃഗങ്ങളെ കാണുമ്പോൾ ബലൂണുകൾ താഴ്ത്തിപ്പറത്തി മൃഗങ്ങളെ ദൃശ്യമാക്കി കൊടുത്തതായി യാത്രികർ പറഞ്ഞു. 390 ഡോളറായിരുന്നു ഒരാളിനു ചെലവ്.

ആ നാഷണൽ പാർക്കിൽ നിന്നു തിരികെ ഇറങ്ങുമ്പോൾ കണ്ണും മനസ്സും നിറയെ കണ്ട മൃഗങ്ങളുടെ മനോഹാരിതയായിരുന്നു.

മസ്സായ്മാരയിലേക്കും തിരിച്ചുമുള്ള യാത്ര കഠിനമായിരുന്നുവെന്ന് പറയാതെവയ്യ. മൂന്നുമണിക്കൂറോളം മൺപാതയിലൂടെ ചെറുകുന്നുകളും നീർച്ചാലുകളും കടന്നുള്ള യാത്ര ദുർഘടം തന്നെ. ഇത്രയേറെ വിദേശികളെത്തുന്ന ആ നിരത്തുകൾ എന്തുകൊണ്ടു വെടിപ്പാക്കുന്നില്ല എന്നാരാഞ്ഞപ്പോൾ ഭരണതലത്തിലെ അഴിമതിയും കെടുകാര്യസ്ഥതയുമല്ലാതെ വേറൊന്നുമല്ല എന്നു മനസ്സിലാക്കാൻ കഴിഞ്ഞു.

ആ യാത്രയിൽ കണ്ട മറ്റൊരു ദൃശ്യം പത്തുപതിനഞ്ചു ലിറ്റർ വെള്ളം കൊള്ളുന്ന വലിയ കുപ്പികളിൽ കെട്ടിയ ബെൽറ്റ് തലയിലൂടെ ഇട്ട് വെള്ളം ചുമന്നു നടക്കുന്ന കുട്ടികളാണ്. നാലും അഞ്ചും കിലോമീറ്റർ നടന്നാണത്രേ അവർ വെള്ളം ശേഖരിക്കുന്നത്. ഞങ്ങൾ താമസിച്ച റിസോർട്ടുകളിലും വെള്ളം വേണമെങ്കിൽ രണ്ടു ഡോളർ കൊടുക്കണം. എന്നാൽ ചായയും കാപ്പിയും ജൂസുകളും സുലഭം.

മസ്സായ്മാരയിൽ നിന്ന് നെയ്റോബിയിലേക്കുള്ള യാത്രയ്ക്കിടയിലും പല കാഴ്ചകളും കണ്ടു. ചെങ്കടലിൽ നിന്ന് 9600 കിലോമീറ്റർ ഉയരത്തിലുള്ള റിഫ്റ്റ് വാലി ആഫ്രിക്കയുടെ മനോഹാരിത വ്യോമവീക്ഷണത്തിലെന്നതുപോലെ കാണിച്ചുതന്നു.

ആനകളുടെ അനാഥാലയത്തിൽ  മുപ്പതോളം കുട്ടിയാനകളുണ്ടായിരുന്നു. വരൾച്ച കാരണമാണ് അവരിൽ പലർക്കും അച്ഛനമ്മമാരെ നഷ്ടമായത്. വലിയ ഇണക്കത്തോടെയാണ് അവർ ഞങ്ങളുടെയടുത്ത് നിന്നത്. കുപ്പിപ്പാലു കുടിക്കുന്നതും പച്ചിലകൾ തിന്നുന്നതുമൊക്കെ കാണാൻ ഏറെ കൗതുകമായിരുന്നു. ഇതിനിടയിൽ ഒരു കുസൃതി മണ്ണുവാരി സ്വന്തം ദേഹത്ത് ഇട്ടു കൊണ്ടേയിരുന്നു.

> മത്തേഭം പാംസുസ്നാനം കൊണ്ടല്ലോ സന്തോഷിപ്പൂ,
> നിത്യവും സ്വച്ഛജലം തന്നിലേ കുളിച്ചാലും

എന്ന കവിവചനം ഓർത്തുപോയി. ഹിപ്പൊപ്പൊട്ടാമസിന്റെയും ജിറാഫിന്റെയും വായിൽ ആഹാരം വച്ചുകൊടുത്തപ്പോൾ ആ മൃഗങ്ങൾ  ഇത്രമാത്രം സാധുക്കളാണോ എന്നു തോന്നിപ്പോയി. പലതരത്തിലുള്ളേ ജിറാഫുകളെ കുറിച്ചുള്ള വിവരണം വിജ്ഞാനപ്രദമായിരുന്നു



വൈകുന്നേരം എല്ലാവരും ഒത്തുകൂടി പാട്ടുകൾ പ്രത്യേകിച്ച് വണ്ടിയിലിരുന്ന് ഡ്രൈവർ പഠിപ്പിച്ച ആഫ്രിക്കൻ ഗാനം സന്ധ്യക്കു കൊഴുപ്പേറ്റി.

ആ നാലു ദിവസവും 13 വാഹനങ്ങളിലായിരുന്നു. യാത്രയെങ്കിലും കൂടെകൂടുന്നവർ വ്യത്യസ്തരാകാൻ തക്കവണ്ണം ഗ്രൂപ്പുകളാക്കിയിരുന്നു. വെവ്വേറെ കുടുംബങ്ങളുമായി അടുത്തിടപഴകുന്നതിനു വേണ്ടിയായിരുന്നു അപ്രകാരം ചെയ്തത്.

കെനിയയിലെ ബൊമാസ് സെന്റർ സന്ദർശനത്തിലാണ് വ്യത്യസ്ത ആദിവാസികളുടെ തനതു നൃത്തരൂപങ്ങൾ ആസ്വദിക്കാനായത്. അവരോടൊപ്പം ഫോട്ടോ എടുക്കാനും സാധിച്ചു. വിനോദസഞ്ചാരികൾക്കായി ആദിവാസി സമൂഹത്തിന്റെ വീടുകളുടെ മാതൃകകളും സംസ്കൃതിയിലുള്ള ഭിന്നതകളും വളരെ നന്നായി പ്രദർശിപ്പിച്ചിരുന്നു.

നെയ്റോബി എന്ന പട്ടണത്തിൽ മാത്രമാണ് ജീവിതം കണ്ടത്. ബാക്കിഭാഗങ്ങളിൽ പട്ടിണിയും പരിവട്ടവുമായി കന്നുകാലികളെ മേച്ചു കഴിയുന്ന ഒരു കൂട്ടം ദരിദ്രരെയാണ് കാണാനാകുന്നത്. അവരുടെ ജീവിത നിലവാരവും ചുറ്റുപാടും ഇന്നും പരുങ്ങലിൽ തന്നെ. അത് നെയ്റോബിയിലെ കൂടിച്ചേരലിന്റെ അവസാന വൈകുന്നേരമായിരുന്നു. യാത്രപിരിയുന്നതിനു മുൻപുള്ള ആ കൂടിച്ചേരലിൽ പല കലാപരിപാടികളും അരങ്ങേറി. യാത്രയെക്കുറിച്ചുള്ള വിലയിരുത്തലിൽ പോരായ്മകൾ ഇല്ലായിരുന്നുവെന്നു തന്നെ പറയാം. അതുവരെ കൂടെയുണ്ടായിരുന്ന സത്ഗുരുട്രാവൽ ഏജൻസി ഭാരവാഹികൾ സന്തോഷം പങ്കിടാനായി കേക്ക് മുറിക്കുകയും ആഫ്രിക്കൻ കരകൗശലവസ്തുക്കൾ കൈമാറുകയും ചെയ്തു. എടുത്ത ഗ്രൂപ്പ് ഫോട്ടോയുടെ കോപ്പിയും എല്ലാവർക്കും ലഭിച്ചു.





കുടുംബത്തിന്റെയോ ജോലികളുടേയോ പ്രാരബ്ധങ്ങൾ ഓർക്കാതെ മാനസികോല്ലാസം മാത്രമായി നടന്നിരുന്ന ആ ആറേഴുദിവസങ്ങൾ ആയുസ്സുയർത്തുകതന്നെ ചെയ്യും. ഒപ്പം ഈ കൂട്ടുകെട്ടിന്റെ ദൃഢതയും. അവസാനം 'അസാന്റിസാന' (Thanks) പറഞ്ഞു. പിരിയുമ്പോൾ വീണ്ടും വരണമെന്ന മോഹം മനസ്സിൽ നിറയുന്നുണ്ടായിരുന്നു.

അടുത്തയാത്ര എങ്ങോട്ടായിരിക്കണം എന്ന ചർച്ചകൾ തുടങ്ങിക്കഴിഞ്ഞു. ആ ഒത്തൊരുമിക്കലിന്റെ ദിനത്തിനായി  കാത്തിരിക്കുകയാണ് ഒരോരുത്തരും. ഈ കൂടിച്ചേരലുകൾ കൂട്ടുകാർക്കിടയിലും അവരുടെ കുടുംബാംഗങ്ങൾക്കിടയിലുമുള്ള ബന്ധം ദൃഢമാക്കുമ്പോഴും സഹപാഠികളായിരുന്ന മുപ്പത്തഞ്ചുപേർക്കും 34 വർഷം പിന്നോട്ടുപോകാനുള്ള ആഗ്രഹവും ഏറുന്നു.

അറിയാതെ

ഒരു വട്ടം കൂടിയെൻ ഓർമ്മകൾ മേയുന്ന
തിരുമുറ്റത്തെത്തുവാൻ മോഹം....

എന്ന ഒ. എൻ. വി. യുടെ വരികൾ ഓർത്തുപോകുന്നു....